പ്രവാസികൾക്ക് വേണ്ടി പെൻഷൻ പദ്ധതി

20 (*168) ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. യു. എസ്. ശശി :
ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്ക് വേണ്ടി ഒരു പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എന്നു മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവാസികളുടെ ക്ഷേമത്തിനായി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉണ്ട്.

(ബി) തുടർനടപടി സ്വീകരിക്കുവാൻ നോർക്കയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(സി) 1996 ഡിസംബർ 6-ാം തീയതി പ്രവാസി കേരളീയ കാര്യവകുപ്പ് (നോർക്ക) രൂപീകരിച്ചു, ക്ഷേമത്തിനുതകുന്ന പദ്ധതികൾ, തിരിച്ചുവരുന്നവരുടെ പുനരധിവാസം, എന്നിവ നടപ്പാക്കുവാൻ നോർക്കയുടെ ഫീൽഡ് ഏജൻസിയായി പ്രവാസി കേരളീയ ക്ഷേമ ഏജൻസിക്ക് (നോർക്ക) 1998 ജൂൺ 2-ന് രൂപം നൽകി. തിരുവിതാംകൂർ, കൊച്ചി, സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്റ്റാക്കൽ ആക്ട് പ്രകാരം, തിരിച്ചെത്തുന്നവരുടെ പുനരധിവാസം ലക്ഷ്യമാക്കി 14 (പതിനാല്) ജില്ലകളിലും പ്രവാസി സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. പ്രവാസി സുരക്ഷാ സാമൂഹ്യ ക്ഷേമ പദ്ധതി, പ്രവാസി കുടുംബാരോഗ്യ പദ്ധതി, പ്രവാസി വനിതാ സുരക്ഷാ പദ്ധതി എന്നീ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കി. പ്രവാസിപെൻഷൻ പദ്ധതിക്ക് രൂപം നൽകി. രണ്ടായിരമാണ്ട് മുതൽ നൽകുന്ന റേഷൻ കാർഡുകളിൽ പ്രവാസി കേരളീയരുടെ പേരും വിവരവും ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. പ്രവാസി കേരളീയർക്ക് സംസ്ഥാനസർക്കാരിൽ ഉദ്യോഗം ലഭിച്ചാൽ ജോലിയിൽ പ്രവേശിക്കുന്നതിന് ആറ് മാസം വരെ സമയം ദീർഘിപ്പിച്ചു. എമർജൻസി റിപാട്രിയേഷൻ ഫണ്ട്, എൻ. ആർ. ഐ. ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ട് എന്നിവയ്ക്ക് രൂപം നൽകി. നോർക്ക വെബ്സൈറ്റിന് രൂപം നൽകി. ഇത് കൂടാതെ നോർക്ക വകുപ്പിൽ പ്രവാസി കേരളീയരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളിന്മേലും പരാതികളിൻമേലും ബന്ധപ്പെട്ട ഇന്ത്യൻ എംബസികൾ, കോൺസലേറ്റുകൾ, കേന്ദ്ര വിദേശ കാര്യ മന്ത്രാലയം, എമിഗ്രേഷൻ ഓഫീസുകൾ, പാസ്പോർട്ട് ഓഫീസുകൾ, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ എന്നിവ വഴി പരിഹാരം കണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly